(സി) ഐ. ടി. മേഖലയിലെ തൊഴിൽദാതാക്കൾക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലെ ഡേറ്റാബേസ് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെ കുറിച്ച് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഡാറ്റാബേസ് തൊഴിൽദായകർക്ക് എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് ഇൻറർനെറ്റിൽ പ്രസിദ്ധീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പ്രൊഫഷണൽ ആൻറ് എക്സിക്യൂട്ടീവ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ഡേറ്റാബേസ് അടങ്ങുന്ന വെബ്സൈറ്റ് 9-6-2004-ൽ ഉദ്ഘാടനം ചെയ്തുകയുണ്ടായി. ഐ. ടി. മേഖല ഉൾപ്പെടെയുള്ള സ്വകാര്യ തൊഴിൽദാതാക്കൾക്ക് ഈ വെബ്സൈറ്റിൽ നിന്നും ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനായി യോഗ്യരായ ഉദ്യോഗാർത്ഥികളുടെ വിവരം ശേഖരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത ഡേറ്റാബേസ് 9-6-2004 മുതൽ ഇൻറർനെറ്റിൽ ലഭ്യമാണ്.

പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഉത്സവബത്ത

68 [2205] ശ്രീ. എം. പ്രകാശൻ മാസ്റ്റർ:
ശ്രീ. രാജു പോൾ:
ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:*

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഉത്സവകാലങ്ങളിൽ അനുവദിക്കുന്ന സഹായധനം ചില സ്ഥാപനങ്ങൾ അവ പൂട്ടിയ സമയത്ത് ഹാജർ പട്ടികയിൽ ഉണ്ടായിരുന്ന മുഴുവൻ തൊഴിലാളികൾക്കും അനുവദിക്കുന്നില്ലാ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്ഥാപനം പൂട്ടിയിട്ട സമയത്ത് ഹാജർ പട്ടികയിൽ പേരുണ്ടായിരുന്ന എല്ലാ തൊഴിലാളികൾക്കും ഈ വരുന്ന ഓണക്കാലം മുതൽ ഉത്സവബത്ത നല്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കണ്ണൂർ തിരുവേപ്പതി കോട്ടൺസിൽ ഈ തീരുമാനം നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ, ബി). ഒരു വർഷക്കാലത്തിലധികമായി പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ എണ്ണം കണക്കാക്കി അതാത് ജില്ലാ ലേബർ ഓഫീസർമാർ നൽകുന്ന ലിസ്റ്റ് അനുസരിച്ചാണ് ഇവർക്ക് ആവശ്യമായ തുക അനുവദിച്ചു നൽകുന്നത്. ഈ വർഷവും അത് തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനസഹായം ലഭിച്ചിട്ടില്ലായെന്നുള്ള ചില പരാതികളും പരിശോധിച്ചതിൽ അവർ അതിന് അർഹതയുള്ളവരല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) കണ്ണൂർ തിരുവേപ്പതി കോട്ടൺസിലെ തൊഴിലാളികൾക്കും ഇതേപ്രകാരം അർഹരാണെങ്കിൽ ഈ വർഷവും എക്സ്ഗ്രേഷ്യാ സാമ്പത്തിക സഹായം നൽകുന്നതാണ്.

തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രതിവർഷ ചെലവ്

69 [2206] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തൊഴിലാളി ക്ഷേമനിധി ബോർഡുകളും ഓരോന്നിന്റെയും പ്രതിവർഷ ഭരണ ചെലവുകളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പ്രതിവർഷം ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ഭരണചെലവ് കുറയ്ക്കുന്നതിനായി എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും ഭരണചെലവ് കുറയ്ക്കുന്നതിനും സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഭരണചെലവ് നിശ്ചിത ശതമാനത്തിൽ അധികമാകരുതെന്ന് എല്ലാ ബോർഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്: ബോർഡുകളുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അംഗീകാര വേളയിലും ചെലവിനങ്ങൾക്ക് സർക്കാർ അംഗീകാരം തേടുമ്പോഴും ഇക്കാര്യം പ്രത്യേകം ശ്രദ്ധിച്ചു വരുന്നുണ്ട്.

(ഡി) ഭരണചെലവു കുറയ്ക്കുന്ന കാര്യത്തിൽ ആവശ്യമായ ഘട്ടങ്ങളിൽ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

വി. ആർ. എസ്. നൽകുന്ന തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

70 [2207] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ചിറ്റൂർ ഷുഗർ മില്ലിൽ വി. ആർ. എസ്. നടപ്പാക്കിയിട്ടുണ്ടോ;

† അനുബന്ധം VII കാണുക.

LIBRARY ARCHIVES Kerala Legislative Assembly